**AAVW21/12/2021-KPSC**

By Registered Post with A/D

**"ഭരണഭാഷ - മാതൃഭാഷ"**


വെബ്സൈറ്റ് : www.keralapsc.gov.in
ഇ-മെയിൽ : dsaavw.kpsc@kerala.gov.in

ഫോൺ: 0471-2546414


# കേരള പബ്ലിക് സർവീസ് കമ്മീഷൻ

തിരുവനന്തപുരം
തീയതി : 11.07.2023

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ജനറൽ ഹോസ്പിറ്റൽ ജംഗ് ഷൻ
വഞ്ചിയൂർ പി. ഒ
തിരുവനന്തപുരം - 11

സർ,

വിഷയം : നിയമന പരിശോധന - ഉദ്യോഗസ്ഥർ ഹാജരാകുന്നത് - സംബന്ധിച്ച്.

സൂചന : (1) **14.12.2010** തീയതിയിലെ **41/2010/ഉ.ഭ.പ.വ.** നമ്പർ കത്ത്.
(2) **08.07.2019** തീയതിയിലെ **GO(Ms) 133/2019/GAD** നമ്പർ സർക്കാർ ഉത്തരവ്
(3) താങ്കളുടെ 05.07.2023 തീയതിയിലെ EA6-8305/2023/DHS നമ്പർ കത്ത്.
(4) താങ്കളുടെ 10.07.2023 തീയതിയിലെ EA6-6687/2023/DHS നമ്പർ കത്ത്.

സൂചന (1) ലെ ഉത്തരവ് പ്രകാരം ഭാവിയിലുള്ള എല്ലാ പി.എസ്.സി. നിയമനങ്ങളും പി.എസ്.സി. യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി വാങ്ങിയ ശേഷമേ റെഗുലറൈസ് ചെയ്യാവൂ എന്ന് ഉത്തരവായിരുന്നു. സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് മുന്നോടിയായി, താങ്കളുടെ വകുപ്പിൽ **Assistant Surgeon** നായി ജോലി ചെയ്യുന്നതും സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടേണ്ടതുമായ ശ്രീമതി. ലിന്റു ശിവശങ്കരന്റെ സർവ്വീസ് വെരിഫിക്കേഷൻ **19.07.2023** ന് ഉച്ചയ്ക്ക് 12.00 മണിയ്ക്ക് നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത തീയതിയിലും സമയത്തും സർവ്വീസ് വെരിഫിക്കേഷന് വേണ്ടി പി എസ് സി യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.

**08.07.2019 ലെ GO (Ms) 133/2019/GAD നമ്പർ ഉത്തരവ് പ്രകാരം നിയമന പരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ, സർട്ടിഫിക്കറ്റ് ഫീസിനത്തിൽ 210/- രൂപ "0051-PSC-800-StatePSC-99-Other receipts" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചലാൻ നിയമന പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.**

**വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗസ്ഥർ Advice Memo, Appointment Order, Joining RTC എന്നിവ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.**

*വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാ കത്തിലെ മേൽ വിലാസം തെളിയിക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നും, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ /വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി നിർബന്ധമായും ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. നിയമനശിപാർശാകത്തിലെ മേൽ വിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസത്തിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥർ/വില്ലേജ് ഓഫീസർ നൽകിയത്) ഹാജരാക്കണമെന്നു കൂടി നിർദ്ദേശം നൽകേണ്ടതാണ്.*

| | | | |
|---|---|---|---|
| 1. | കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആധാർകാർഡ് | 2. | ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ് |
| 3. | ഡ്രൈവിംഗ് ലൈസൻസ് | 4. | പാസ്പോർട്ട് |
| 5 | അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്യുന്നവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് | 6. | സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്ക നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് |
| 7. | കേരള സംസ്ഥാന സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് | 8. | വിമുക്ത ഭടൻമാരുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/ജില്ലാ സൈനിക ക്ഷേമ ഓഫീസർ വിമുക്ത ഭടൻമാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് |
| 9. | മോട്ടോർ വാഹനവകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ് | 10. | ദേശസാൽകൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക് |
| 11. | വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് | 12. | ഷെഡ്യൂൾ ബാങ്കുകൾ/കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക് |

നിയമനപരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചുതരുന്നത് കർശനമായും നിയമനശിപാർശാക്രമത്തിലാകണം . ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന

അനന്തരപ്രശ്നങ്ങളുടെ (സീനിയോറിറ്റി തർക്കം/കോടതി വ്യവഹാരം മുതലായവ) പൂർണ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനായിരിക്കും എന്ന വിവരം അറിയിക്കുന്നു.

നിയമനപരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ COVID 19 നിർവ്യാപന /പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്വീകരിക്കേണ്ടമുൻ കരുതലുകൾ

1) സാമൂഹിക അകലം നിർബന്ധമായും പാലിക്കണം
2) **മാസ്ക്** ശരിയായ രീതിയിൽ നിർബന്ധമായും ധരിക്കേണ്ടതാണ്
3) ഉദ്യോഗസ്ഥർ അവർക്ക് അനുവദിച്ചിട്ടുള്ള തീയതിയിലും സമയത്തും നിയമനപരിശോധനയ്ക്ക് ഹാജരാകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്
4) ഏതെങ്കിലും തരത്തിലുള്ള ശാരീരിക അസ്വസ്ഥതകളുള്ളവർ നിയമനപരിശോധനയ്ക്ക് ഹാജരാകരുത്. അവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ മറ്റൊരു തീയതി പിന്നീട് അനുവദിക്കുന്നതാണ്
5) ഇതു കൂടാതെ ആ കാലയളവിൽ നിലവിലുള്ള **Covid 19** മായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും നിയമനപരിശോധന നടത്തുന്നത്

വിശ്വസ്തതയോടെ,

(ഒപ്പ്)

**സീന്ധു ജി എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**സെക്രട്ടറിക്കുവേണ്ടി**

**മേലെഴുത്ത് നം: ഇ.എ6- 6687/2023/ആ.വ.ഡ തീയതി 15.07.2023**
പകർപ്പ് അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**